**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1036** **02-02-2026 - ൽ മറുപടിയ്ക്ക്**

**കൃഷിക്കും ജലസേചനത്തിനും ആവശ്യമായ വെള്ളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ വർഷം മഴ കുറവായതിനാൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാൻ സാധ്യതയുള്ളതിനാൽ കൃഷിക്കും ജലസേചനത്തിനും ആവശ്യമായ വെള്ളം ലഭ്യമാക്കാൻ ജലവിഭവവകുപ്പ് എന്തെല്ലാം മുൻകരുതലുകളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | മഴലഭ്യതയിലെ കുറവ് മൂലം ഉണ്ടായേക്കാവുന്ന രൂക്ഷമായ ജലക്ഷാമം ഒഴിവാക്കുന്നതിനായി ജലസേചന വകുപ്പിന്റെ കീഴിൽ വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. കൃഷിക്കും ജലസേചനത്തിനും സാധ്യമാകുന്ന വിധത്തിൽ പുതിയ കുളങ്ങളുടെ നിർമ്മാണം, കുളങ്ങളുടെ നവീകരണം, ജലസേചന കനാലുകളുടെ നിർമ്മാണവും നവീകരണവും, ജലസ്രോതസ്സുകൾക്ക് കുറുകെ ജലസംഭരണത്തിനായി തടയണകളുടെ നിർമ്മാണം എന്നിവ നടത്തി വരുന്നു.<br><br>തോടുകളിൽ അടിഞ്ഞു കൂടിയ ചെളിയും മാലിന്യങ്ങളും നീക്കംചെയ്ത് തോടുകളുടെ ആഴം നിലനിർത്തി സംഭരണശേഷി കൂട്ടുകയും നിലവിലുള്ള ജലസ്രോതാസ്സുകൾ മലിനമാകാതെ സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. മാലിന്യങ്ങൾ കൂടുതലായി നിക്ഷേപിച്ചിരുന്ന സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ടി സ്ഥലങ്ങൾ തുടർച്ചയായി നിരീക്ഷിച്ചും വരുന്നുണ്ട്. ഹരിത കേരള മിഷന്റെ ഭാഗമായി ജലസംരക്ഷണ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു.<br><br>ചെക്ക് ഡാമുകളിൽ അടിഞ്ഞു കൂടിയിരിക്കുന്ന എക്കലും ചെളിയും നീക്കം ചെയ്ത് ജലം ശേഖരിക്കുന്നതിലൂടെ, സമീപത്തെ കിണറുകളിൽ ജലലഭ്യത വേനൽക്കാലത്തും ഉറപ്പു വരുത്തുകയും, ഭൂഗർഭ ജലനിരപ്പ് ഉയർത്തുക, കുടിവെള്ളം എന്നിവയ്ക്ക് പരിഹാരമാവുകയും ഷട്ടറുകൾ ജലത്തിന്റെ ആവശ്യകത അനുസരിച്ച് ക്രമീകരിക്കുന്നത് വഴി വെള്ളപ്പൊക്കം തടയുകയും ചെയ്യുന്നു. കൂടാതെ റഗുലേറ്ററുകൾ, ചെക്ക് ഡാമുകൾ, വിസിബികൾ എന്നിവയിൽ ഷട്ടറിട്ട് വെള്ളം സംഭരിച്ച് വയ്ക്കുകയും |

ആവശ്യാനുസരണം കൃഷിയ്ക്ക് ലഭ്യമാക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. സ്വാഭാവിക നീരൊഴുക്കിലൂടെ ജലം എത്തിക്കാൻ സാധിക്കാത്ത പ്രദേശങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആവിഷ്കരിക്കുകയും ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിലെ പമ്പ് ഹൗസുകളുടെയും കനാലുകളുടെയും അറ്റകുറ്റപണികൾ പൂർത്തീകരിച്ച് പമ്പിംഗിനു സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം ലീഡിംഗ് ചാനലുകളുടെ അറ്റകുറ്റപ്പണികളും നടത്തി വരുന്നു.

പാടശേഖര സമിതികളുടെയും കർഷകരുടെയും ആവശ്യം പരിഗണിച്ച് മുൻഗണനാ ക്രമത്തിലാണ് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്. ജലലഭ്യത കുറവാണെങ്കിൽ ജലം കരുതലോടെ ഉപയോഗിക്കാൻ ഉപഭോക്താക്കൾക്ക് നിർദ്ദേശം നൽകാൻ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്കും ആവശ്യമെങ്കിൽ ജില്ല അടിയന്തിര കാര്യനിർവഹണ കേന്ദ്രത്തിലേക്കും നിർദ്ദേശം നൽകാവുന്നതാണ്. പുഴകളിൽ നിന്നും അനധികൃതമായി ജലമെടുക്കുന്നത് തടയുന്നതിനായി ഫീൽഡ് പരിശോധന കർശനമാക്കിയിട്ടുണ്ട്. വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടാൻ സാധ്യതയുള്ളതിനാൽ , കൃഷിക്കും ജലസേചനത്തിനും ആവശ്യമായ വെള്ളം തടസ്സമില്ലാതെ ലഭ്യമാക്കാൻ നദികളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്നത് (Desiltation) അത്യന്താപേക്ഷിതമാണ്. നദീതടങ്ങളിൽ അടിഞ്ഞുകൂടുന്ന മണലും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിലൂടെ നദിയുടെ ആഴം വർദ്ധിക്കുകയും, മഴക്കാലത്ത് കൂടുതൽ വെള്ളം ഉൾക്കൊള്ളാനുള്ള ശേഷി കൈവരിക്കുകയും ചെയ്യുന്നു.

വർഷം തോറും വേനൽക്കാലത്ത് നദികളിൽ ഉപ്പുവെള്ളം കയറുന്നത് കുടിവെള്ള വിതരണം തടസ്സപ്പെടുത്തുകയും വ്യവസായ മേഖലയേയും കൃഷിയേയും പൊതുജനങ്ങളേയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ലവണാംശം വർദ്ധിക്കുന്നത് കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധീകരണ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തിയേക്കാം. ഇതു നിയന്ത്രിക്കുന്നതിനായി റെഗുലേറ്റർ കം ബ്രിഡ്ജുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, വലുതും ചെറുതുമായ തോടുകളിൽ ലവണാംശം കയറുന്നത് തടയാൻ താൽക്കാലിക ആന്റി-സലൈനിറ്റി ബണ്ടുകൾ നിർമ്മിച്ച് വരികയും ചെയ്യുന്നു.

കൂടാതെ കാർഷിക കലണ്ടർ അനുസരിച്ചു കാർഷികാവശ്യത്തിനായി കനാലിലൂടെ ജലം നൽകിവരുന്നുണ്ട്. ആയത് ഭൂഗർഭ ജലവിതാനം

ഉയർത്താനും കാരണമായിട്ടുണ്ട്. ആവശ്യമായ ജലം കാർഷികാവശ്യത്തിനായി നൽകുന്നതിന് പ്രാരംഭ പ്രവർത്തങ്ങളായ കനാൽ ക്ലീനിങ് അടക്കമുള്ള അടിയന്തിര പ്രവൃത്തികൾ സ്വീകരിച്ചു വരുന്നു. കനാലിലൂടെയുള്ള ജലവിതരണം മൂലം പ്രസ്തുത പ്രദേശങ്ങളിലെ കിണറുകളും ജലസ്രോതസ്സുകളും പരിപോഷിപ്പിക്കാറുണ്ട്. നിലവിൽ വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനുകളിലെ കിണറുകളും റീ-ചാർജ്ജ് ചെയ്യപ്പെടുന്നുണ്ട്.

ഭൂജല വകുപ്പിന് കീഴിൽ നിലവിൽ കാർഷികാവശ്യത്തിനായുള്ള കുഴൽ കിണർ നിർമ്മാണത്തിന് ലഭ്യമാകുന്ന അപേക്ഷകളിൽ കൃഷി ഓഫീസറുടെ സാക്ഷ്യപത്ര പ്രകാരം 50%സബ്സിഡി നിരക്കിൽ കുഴൽ കിണർ നിർമ്മാണം നടത്തി വരുന്നുണ്ട്. കൂടാതെ സുസ്ഥിര ജലവിതാനം നിലനിർത്തുന്നതിന്റെ ഭാഗമായി വകുപ്പിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുതര അർദ്ധ ഗുരുതര ബ്ലോക്കുകളിൽ മുൻഗണന നൽകി കൃതിമ ഭൂജല സംപോഷണ പദ്ധതികളും വകുപ്പ് നടപ്പിലാക്കി വരുന്നു.

ഭൂഗർഭജലത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും, വേനൽ കാലത്ത് പരിസര പ്രദേശങ്ങളിൽ ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, ഓരുവെള്ളക്കയറ്റ നിയന്ത്രണത്തിനും, കേരള വാട്ടർ അതോറിറ്റി പമ്പിങ് സ്റ്റേഷനകളിലേക്ക് ജലലഭ്യത, നിലവിലുള്ള ആയക്കട്ടിന്റെ സ്ഥിരത നിലനിർത്താനും കൂടുതൽ ആയകട്ട് പ്രദേശം സൃഷ്ടിക്കുവാനും, നദിയുടെ ഇരുകരകളെയും റോഡ് മാർഗ്ഗം (റോഡ് കണക്ടിവിറ്റി) ബന്ധിപ്പിക്കുന്നതിനും, ജലസേചനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ലഘൂകരിക്കാനും വേണ്ടി 14 റെഗുലേറ്റർ / റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കാൻ കെ.ഐ.ഐ.ഡി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത റെഗുലേറ്ററുകൾ / റെഗുലേറ്റർ കം ബ്രിഡ്ജ് പൂർണമായി പ്രവർത്തന സജ്ജമാകുന്നതോടെ താഴെ പറയുന്ന പ്രയോജനങ്ങൾ ലഭിക്കും:

1)ഓരുവെള്ളക്കയറ്റ നിയന്ത്രണം.

2)കേരള വാട്ടർ അതോറിറ്റി പമ്പിങ് സ്റ്റേഷനകളിലേക്ക് ജലലഭ്യത.

3)നിലവിലുള്ള ആയക്കട്ടിന്റെ സ്ഥിരത നിലനിർത്താനും കൂടുതൽ ആയകട്ട് പ്രദേശം സൃഷ്ടിക്കുവാനും.

| | | | |
|---|---|---|---|
| | | | 4)ഭൂഗർഭജലത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും അതുവഴി പരിസര പ്രദേശങ്ങളിൽ വേനൽ കാലത്ത് കിണറുകളിൽ ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സാധിക്കും.<br><br>5)റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം ജലസേചനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ലഘൂകരിക്കാനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാനും നദിയുടെ ഇരുകരകളെയും റോഡ് മാർഗ്ഗം (റോഡ് കണക്ടിവിറ്റി) ബന്ധിപ്പിക്കുന്നതിനും സാധിക്കും.<br><br>14 റെഗുലേറ്റർ / റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പദ്ധതികളിൽ നാല് റെഗുലേറ്റർ / റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതികൾ കെ.ഐ.ഐ.ഡി.സി. പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. ഇവ കൂടാതെ മലപ്പുറം ജില്ലയിലെ മോതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പദ്ധതിയിലെയും, കാങ്കകടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പദ്ധതിയിലെയും റെഗുലേറ്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികളുടെ വിവരം താഴെ നൽകുന്നു.<br><br>1)കണ്ണൂർ ജില്ലയിലെ പിണറായി പഞ്ചായത്തിലെ പാറപ്രം അഞ്ചരക്കണ്ടി നദിയ്ക്ക് കുറുകെ ലോക്കോട് കൂടിയുള്ള റെഗുലേറ്റർ (₹55.43 കോടി രൂപ).<br><br>2)മലപ്പുറം ജില്ലയിൽ മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പുഴങ്കാവിൽ കടലുണ്ടി നദിയ്ക്ക് കുറുകെ റെഗുലേറ്റർ (₹12.06 കോടി രൂപ).<br><br>3)പാലക്കാട് ജില്ലയിൽ പെരുവമ്പ ഗ്രാമപഞ്ചായത്തിലെ വടകരപ്പള്ളി പാലത്തുള്ളിയിലെ ചിറ്റൂർ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ (₹19.84 കോടി രൂപ).<br><br>4)കണ്ണൂർ ജില്ലയിലെ പിണറായി പഞ്ചായത്തിലെ ചെക്കുപാലത്ത് ഉമ്മൻചിറ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ (₹36.82 കോടി രൂപ). |
| (ബി) | ജി.&പി1/203/2025/ഡബ്ല്യൂ.ആർ.ഡി. പാർട്ട് I & പാർട്ട് II പ്രകാരം 2025-26 വർഷം ജലവിഭവ വകുപ്പ് ഫണ്ട് ആവശ്യപ്പെട്ട് നൽകിയ പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ? | (ബി) | വിഷയ നിർണയ സമിതി III ന്റെ 2025-26 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശ നം. 93,94 പ്രകാരം അധിക ധനാനുമതി സംബന്ധിച്ച പദ്ധതി വിഭാഗം II ചീഫ് എൻജിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സംബന്ധിച്ച വിഷയമാണ് |

| | | | |
|---|---|---|---|
| | | | ജി.&പി1/203/2025/ഡബ്ല്യു.ആർ.ഡി. പാർട്ട് I & പാർട്ട് II ഫയലുകളിൽ കൈകാര്യം ചെയ്യുന്നത്.<br><br>മേൽ ശിപാർശകൾ പ്രകാരം അധിക ധനാനുമതിയ്ക്കായി പദ്ധതി വിഭാഗം II ചീഫ് എൻജിനീയർ സമർപ്പിച്ച പ്രൊപോസൽ ധനകാര്യ വകുപ്പിന് നൽകിയപ്പോൾ പ്രസ്തുത വകുപ്പ് മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തികളുടെ ലിസ്റ്റും എസ്റ്റിമേറ്റുകളുടെ പകർപ്പുകളും സഹിതം ഫയൽ പുനഃ സമർപ്പിക്കണമെന്ന് അറിയിച്ചിരുന്നു. ആയത് പ്രകാരം ഇടമലയാർ ജലസേചന പദ്ധതിയുടെ കീഴിൽ വരുന്ന 8.884 കോടി രൂപയുടെ അടിയന്തിര പ്രവൃത്തികളുടെ മുൻഗണനാക്രമത്തിലുള്ള ലിസ്റ്റും എസ്റ്റിമേറ്റുകളുടെ പകർപ്പുകളും ഉൾപ്പടെ ഫയൽ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും തുക അനുവദിച്ചിട്ടില്ല. നിലവിൽ ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ